# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1238/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/11/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1238/22 തീയ്യതി: 05/11/2022

## കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-09-2021 മുതൽ 18-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2022 | 27-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-08-2022 | 27-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ), 22-8-2022 മുതൽ
ശ്രീമതി. ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുമതി. ടി. ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീഷ. എം.പി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷീജ. വി. എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ, ശശീന്ദ്രൻ. പി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സന്തോഷ്. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിനിത. കെ. എം. | കൃഷി ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീമതി. ദീപ. കെ. | കൃഷി ഓഫീസർ | 01-09-2021 | 05-11-2021 |
| ശ്രീ. ഷിഹാബ് ബാബു | കൃഷി ഓഫീസർ | 06-11-2021 | 31-03-2022 |
| ശ്രീ. ശ്രീജേഷ്. ടി. കെ. | വി.ഇ.ഒ. എരഞ്ഞോളി | 01-04-2021 | 31-03-2022 |
| ഡോ. ബിനോയി. സി. പി. | മെഡിക്കൽ ഓഫീസർ പി. എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ദിവ്യ ബാലൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. സോന. എം. കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി. രസ്ന സദൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 18-11-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ. എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സരിത. കെ. വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷിബിൻ ടി. | വി.ഇ.ഒ. വടക്കുംമ്പാട് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രേമരാജൻ പി.വി. | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ്. വടക്കുമ്പാട് | 01-04-2021 | 30-06-2021 |
| ശ്രീ.ബാബു മഹേശ്വരി പ്രസാദ് | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ്. വടക്കുമ്പാട് | 01-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-08-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-9 |
| 12 | ഗ്രാമസഭ<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-10 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-11 |
| 14 | വസ്തു നികുതി - കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങളുടെ നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-12 |
| 15 | വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-13 |
| 16 | ഡേഞ്ചർ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-14 |

| | | |
|---|---|---|
| | Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | |
| 17 | ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല<br>Written By: Jyothish Kumar (Audit Officer (HG), On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-15 |
| 18 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തു<br>Written By: Sreeja.K (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-16 |
| 19 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-17 |
| 20 | കറവപശു വിതരണം - പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകത ₹27500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-18 |
| 21 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-19 |
| 22 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-അടിസ്ഥാന സൗകര്യം ഒരുക്കൽ-നിലവിലെ സ്ഥിതി വിവരം ലഭ്യമല്ല -142900 യുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 30-08-2022) | 1-20 |
| 23 | ഐ.ഇ.സി പ്രവർത്തനങ്ങൾ രേഖകൾ ലഭ്യമാക്കിയില്ല ₹42,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-21 |
| 24 | ഹോമിയോ മരുന്ന് വാങ്ങുന്നതിന് മുൻകൂറായി തുക നൽകി ₹47,496 യുടെ മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-22 |
| 25 | തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.<br>Written By: Usha.A (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-23 |
| 26 | പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ, പ്രിന്റർ വാങ്ങൽ-ഉപകരണങ്ങൾ ലഭിച്ചില്ല ₹50262 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-24 |
| 27 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ നാളിതുവരെയായി ലഭിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-25 |
| 28 | തരിശ് കൃഷി പ്രോത്സാഹനം -രേഖകളുടെ അഭാവത്തിൽ ₹48000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-26 |

| | | |
|---|---|---|
| 29 | ജൈവ കീടരോഗനിയന്ത്രണ ഉപാധികൾ - അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-27 |
| 30 | സാന്ത്വന പരിചരണം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-28 |
| 31 | റിംഗ് കമ്പോസ്റ്റ് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല- ₹13,24,764-യുടെ (₹1122500+₹202264)ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-29 |
| 32 | ഭവന നിർമ്മാണം പൂർത്തിയായവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരം ലഭ്യമല്ല<br>Written By: Sumathi.T.O (Auditor, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 1-30 |
| 33 | പഞ്ചായത്ത് ഓഫീസിൽ ടോയ് ലറ്റ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും - ടാപ്പ് സ്ഥാപിച്ചതിലെ അപാകങ്ങൾ ₹4109 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 31-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 31-08-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 31-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT AND PAYMENT STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2021 TO 31-3-2022 |
| 4 | INCOME AND EXPENDITURE STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2021 TO 31-3-2022 |
| 5 | BALANCE SHEET OF ERANHOLI GRAMA PANCHAYAT AS ON 31-3-2022 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 20-2-2021 ലെ 39/2021 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4538986 |
| വരവ് | 153538603 |
| ആകെ | 158077589 |
| ചെലവ് | 155683047 |
| നീക്കിയിരിപ്പ് | 2394542 |

## 1-1-1 പുതുക്കിയ ബജറ്റ്

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 18-3-2022 ലെ 64/2022 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16945629 |
| വരവ് | 163860281 |
| ആകെ | 180805910 |
| ചെലവ് | 163338108 |
| നീക്കിയിരിപ്പ് | 17467802 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 9-5-2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല. അതിനാൽ ആസ്തി രജിസ്റ്റർ B-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. വസ്തു നികുതി വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ തുക സഞ്ചയ ഡി സി ബി പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള തുക (₹13555) സഞ്ചയയിൽ അടുത്തവർഷത്തേക്കുള്ള അഡ്വാൻസ് തുകയായി മാറ്റിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രിക RP -36 പ്രകാരം ₹6067 യാണ് അഡ്വാൻസായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ ഡി സി ബി പത്രിക പ്രകാരം |
|---|---|---|
| റസിഡൻഷ്യൽ | 2369799 | 2382994 |
| നോൺ റസിഡൻഷ്യൽ | 1363926 | 1364286 |

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(2,f), 62(4) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

4. വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹27494 വരവുണ്ട്. Tender Forms രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, കുടിശ്ശികയുണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26-7-2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം &

എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 19843780.28 |
| വരവ് | 73502116 |
| ആകെ | 93345896.28 |
| ചെലവ് | 66246147 |
| നീക്കിയിരിപ്പ് | 27099749.28 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1639535 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13915000 | 13915000 | 13915000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1086000 | 1086000 | 1086000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് * | 0 | 13918000 | 13918000 | 7322000 | 6596000 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 4847268 | 4847268 | 4062678 | 784590 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 2636283 | 2636283 | 2591010 | 45273 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് ** | 0 | 5654203 | 5654203 | 3439483 | 2214720 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 127962 | 967157 | 1095119 | 567952 | 527167 |
| ടി എസ് സി | 1768903 | 394624 | 2163527 | 1679988 | 483539 |
| ശുചിത്വം - എം സി എഫ് ബിൽഡിംഗ് | 249099 | 0 | 249099 | 0 | 249099 |
| ശുചിത്വം - ടോയിലറ്റ് നിർമ്മാണം | 12000 | 0 | 12000 | 12000 | 0 |
| എം പി ഫണ്ട് | 75046 | 2181 | 77227 | 0 | 77227 |
| എം എൻ ആർ ഇ ജി എസ് | 998 | 9933457 | 9934455 | 9934367 | 88 |
| അംഗൻവാടിക്ക് കുടിവെള്ളം | 0 | 6000 | 6000 | 0 | 6000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 148464 | 5998 | 154462 | 0 | 154462 |
| കേരളോത്സവം | 15000 | 0 | 15000 | 0 | 15000 |
| ശുചിത്വം-മഴക്കാല പൂർവ്വ ശുചീകരണം | 216902 | 91772 | 308674 | 160000 | 148674 |
| ആരോഗ്യ ഇൻഷ്വറൻസ് പുതുക്കൽ | 3250 | 0 | 3250 | 0 | 3250 |
| അംഗൻവാടിക്ക് കുടിവെള്ളം | 0 | 4000 | 4000 | 0 | 4000 |
| കുടുംബശ്രീ-ബഡ്സ് റീഹാബിലേറ്റഷൻ സെന്റർ | 200000 | 0 | 200000 | 0 | 200000 |
| അംഗൻവാടി ബോർഡ് സ്ഥാപിക്കൽ | 39000 | 0 | 39000 | 34970 | 4030 |
| വിമുക്തി | 35100 | 0 | 35100 | 0 | 35100 |
| ജീവൻധാര | 1588 | 0 | 1588 | 1588 | 0 |

| | | | | | |
|---|---|---|---|---|---|
| കില പരിശീലനം | 0 | 10200 | 10200 | 5700 | 4500 |

*സുലേഖ സോഫ്റ്റ് വെയർ പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ ₹7322000 യാണ് വരവുള്ളത്. സുലേഖയിൽ ലഭ്യമായ തുക മുഴുവനായും തൻ വർഷം ചെലവഴിച്ചിട്ടുണ്ട്.

** പ്രൊജക്ട് നമ്പർ 109/22 പ്രകാരമുള്ള നിട്ടൂർ ചിറ പുനരുദ്ധാരണത്തിന് ബ്ലോക്ക് വിഹിതമായി ലഭ്യമായ ₹1400000 (CFC-Tied) യിൽ ₹202690 തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആയത് വാർഷിക ധനകാര്യപത്രിക പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 157 | 54023379 | 144 | 42283212 | 15 | 13 | 82.17 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 23 | 19 | 6144487 | 3922146 | 63.83 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1806612 | 1600193 | 88.57 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 53 | 49 | 21684608 | 16898035 | 77.93 |
| 4 | കൃഷി ഓഫീസർ | 13 | 13 | 1707364 | 1707364 | 100 |
| 5 | വി.ഇ.ഒ. എരഞ്ഞോളി | 11 | 10 | 3666500 | 3144667 | 85.77 |
| 6 | വി.ഇ.ഒ. വടക്കുമ്പാട് | 11 | 10 | 5625085 | 3703364 | 65.84 |
| 7 | മെഡിക്കൽ ഓഫീസർ PHC | 10 | 10 | 3637251 | 2602766 | 71.55 |
| 8 | വെറ്റിനറി സർജൻ | 9 | 9 | 1308022 | 1245522 | 95.22 |
| 9 | ICDS സൂപ്പർവൈസർ | 9 | 6 | 4956530 | 4354298 | 87.85 |
| 10 | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ് വടക്കുമ്പാട് | 3 | 3 | 1080000 | 1080000 | 100 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 800000 | 800000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 613000 | 613000 | 100 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 4 | 4 | 993920 | 575857 | 57.94 |
| | ആകെ | 157 | 144 | 54023379 | 42283212 | 78.27 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 998 | 512331 | 513329 | 513241 | 88 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9421126 | 9421126 | 9421126 | 0 |
| ആകെ | 998 | 9933457 | 9934455 | 9934367 | 88 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 136 | 1973200 |
| വിധവാ പെൻഷൻ | 1082 | 15898600 |
| വാർദ്ധക്യകാല പെൻഷൻ | 2580 | 36182700 |
| വികലാംഗ പെൻഷൻ | 267 | 4132500 |
| അവിവാഹിത പെൻഷൻ | 402 | 6158500 |
| വിവാഹ ധനസഹായം | 12 | 360000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-8-2022 ന് 12.30 Pm സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,869 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നുമുണ്ട്. നികുതി പിരിവ് 100% കൈവരിക്കുന്നതിനായും ഊർജിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ചുമതലകൾ വീതിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിലെ 4 വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും 2021-22 വർഷം ഒരു തവണ വീതമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്, അജൈവ മാലിന്യ സംസ്കരണം,അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയ – പട്ടിക അംഗീകരിക്കൽ തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ. അതിദരിദ്ര സർവ്വേ പ്രകാരം കണ്ടെത്തിയ 4 ഗുണഭോക്താക്കളുടെ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിക്കാൻ 3, 4, 7, 14 എന്നീ വാർഡുകളിൽ 06-02-2022 ന് ഗ്രാമ സഭ ചേർന്നിട്ടുണ്ട്.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ(അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 10/24-8-22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങളുടെ നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്ററർ പ്രകാരം 2014-15, 2015-16 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻവേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയതിൽ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികതി നിർണ്ണയിക്കാത്തതും വ്യക്തമാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ കാലാവധി | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | 4/416 | പൂവാടൻ രവീന്ദ്രൻ | A2-4113/14<br>30-10-17 | ഒന്നാം നില<br>65.15 ച. മീ | താഴത്തെ നില<br>65 ച. മീ |
| 2 | 3/367 | പനോളി ആണ്ടി | A2-4937/14<br>17-12-17 | ഒന്നാം നില<br>73.22 ച. മീ | താഴത്തെ നില<br>103.26 ച. മീ<br>ഒന്നാം നില<br>9.24 ച. മീ |
| 3 | 11/138 | കുവക്ക അനിത | A2-2658/15<br>14-7-18 | ഒന്നാം നില<br>76.81 ച. മീ | താഴത്തെ നില<br>72 ച. മീ |
| 4 | 16/142 | പി കെ ബാബുരാജൻ | A2-282/15<br>20-2-18 | ഒന്നാം നില<br>45.9 ച. മീ | താഴത്തെ നില<br>76 ച. മീ |
| 5 | 13/115 | കുടാളി വിജയൻ | A2-420/15<br>20-2-18 | ഒന്നാം നില<br>61.68 ച. മീ | താഴത്തെ നില<br>72 ച. മീ |
| 6 | 4/331 | ഹാരി പി ജെ | A2-1456/15<br>22-4-18 | ഒന്നാം നില<br>72.69 ച. മീ | താഴത്തെ നില<br>72 ച. മീ |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് 25/26-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് നികുതി നിർണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ്

ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 1-13 വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26-05-2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 10-12-2021 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 52(1) നമ്പർ തീരുമാനം പ്രകാരം 2021-22 വർഷം വസ്തുനികുതി ഇളവ് അനുവദിക്കുന്നതിനായി ശുപാർശ ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഇപ്രകാരം രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങൾക്കും നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ (രജിസ്റ്ററിൽ ഉൾപ്പെടാത്തത്) |
|---|---|---|
| 1 | 2 | 2/461 |
| 2 | 3 | 3/135, 3/228, |
| 3 | 4 | 4/521 |
| 4 | 6 | 6/421 |
| 5 | 8 | 8/3 |
| 6 | 10 | 10/303, 10/324, 10/431A |
| 7 | 11 | 11/494, 11/498 |
| 8 | 12 | 12/254 |
| 9 | 13 | 13/41, 13/172, 13/399 |
| 10 | 15 | 15/197 |

മേൽ അപാകം സംബന്ധിച്ച് 26/26-8-22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിമുക്തഭടൻമാരുടെ വാസഗൃഹങ്ങളുടെ നികുതി ഇളവ് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുമ്പോൾ ടി കെട്ടിടത്തിന് ഏത് വർഷം മുതൽ നികുതി ഇളവ് നൽകിയിട്ടുണ്ടെന്ന് മാത്രമേ രേഖപ്പെടുത്തേണ്ടതുള്ളൂവെന്നും ഏത് വർഷം വരെ എന്ന് രേഖപ്പെടുത്താൻ സാധിക്കുന്നില്ല എന്നും ഒഴിവാക്കപ്പെട്ട എല്ലാ വ്യക്തികളും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും നിശ്ചിത സമയത്തിനകം സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ അർഹരായവർക്ക് മാത്രമാണ് ഇളവ് അനുവദിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി ഇളവ് രേഖപ്പെടുത്തുന്നത് സംബന്ധിച്ച അപാകം ഐ.കെ.എമ്മിനെ അറിയിച്ച് അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ

കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്, എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ 454 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. വാണിജ്യ / വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 510 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. സഞ്ചയ പ്രകാരം 1318 കെട്ടിടങ്ങൾക്ക് വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 808 കെട്ടിടങ്ങൾ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി ഉപയോഗിക്കുന്നില്ലെന്നും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് 9/24-8-22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫീൽഡ് തല പരിശോധന നടത്തിവരുന്നുണ്ടെന്നും ആയത് പൂർത്തിയായിട്ടില്ലെന്നുമാണ് മറുപടി നൽകിയത്. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള 16 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-15 ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013 /ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2020-21 മുതൽ ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ തുടങ്ങിയ കറന്റ് അക്കൌണ്ടിലാണ് ഒടുക്കുന്നത്. 2015-16 മുതൽ 2019-20 വരെയുള്ള ഇ-ടെണ്ടർ ഫീയായ ₹291496 എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണുള്ളത്. ₹291496 ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2015-16 | 43490 |
| 2 | 2016-17 | 43400 |
| 3 | 2017-18 | 56416 |
| 4 | 2018-19 | 89689 |
| 5 | 2019-20 | 58501 |
| | ആകെ | 291496 |

## 1-16 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തു

2021 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണ വിവരങ്ങൾ |
|---|---|---|---|---|
| പി.കെ. ലക്ഷ്മി | 296484020227 | 111460600352 | 22-12-2020 | 08/2021 വരെ ഇന്ദിരാ ഗാന്ധി ദേശീയ വിധവ |

| | | | | |
|---|---|---|---|---|
| | | | | പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| കാർത്ത്യായനിഅമ്മ.എം | 750008789606 | 111460201037 | 18-1-2021 | 8/2021വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| രാജൻ ടി | 927081461957 | 111460202064 | 12-3-2021 | 8/2021 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ഇസ്മയിൽ യു | 204882216673 | 111460202583 | 15-3-2021 | 8/2021 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ഹംസ എം | 820371134752 | 111460201947 | 12-5-2021 | 8/2021 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| വിജയൻ. എൻ.വി | 266333209250 | 111460200660 | 24-5-2021 | 8/2021 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ഗോപാലൻ. സി | 624145471433 | 111460201361 | 30-6-2021 | 8/2021 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ അപാകം സംബന്ധിച്ച് 31/27-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവകുപ്പിന്റെ 26-07-2018 ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് അപാകം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ മരണമടഞ്ഞതിന് ശേഷവും അവരുടെ പെൻഷൻ തുക കൈപ്പറ്റിയവരെ കണ്ടെത്തി അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-17 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ/ പേര് | 61/2022 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹45022 മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് |
| ചെലവ് | ₹5225<br>ബിൽനമ്പർ : 212203520085008500757137/08-12-2021<br>₹39797<br>ബിൽനമ്പർ : 212203520085008500959926/17-01-2022<br>ആകെ : ₹45022 |

വെറ്റിനറി ഡിസ്പെൻസറിയുടെ ആവശ്യത്തിലേക്കായി ഒരു കമ്പ്യൂട്ടർ, മൗസ്, യു.പി.എസ് എന്നിവ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം ₹45022 ചെലവഴിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നൽകിയ ₹5225-യുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രൊഫോർമ ഇൻവോയ്സ് 32334/20-21/26-11-2021 പ്രകാരം കെൽട്രോണിന് നൽകിയ ₹39797 കേഷ് ബിൽ, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ ഒറിജിനൽ കേഷ് ബിൽ, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 14/25-08-2022 പ്രകാരം നൽകിയ എൻക്വയറിക്ക് ഹാജരാക്കിയ രേഖകളോടൊപ്പം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കമ്പ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 കറവപശു വിതരണം - പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകത ₹27500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ/ പേര് | 27/22 കറവപശു വിതരണം |
| അടങ്കൽ | ₹110000 വികസന ഫണ്ട് പൊതു വിഭാഗം<br>₹110000 മറ്റുള്ളവ<br>ആകെ : ₹220000 |
| ചെലവ് | ₹82500<br>ബിൽ നമ്പർ : 21220352008500850083205/05-01-2022<br>₹82500<br>ചെക്ക് നമ്പർ/തീയതി : 6807230/15-01-2022<br>₹27500<br>ബിൽ നമ്പർ : 212203520085008501325083/15-03-2022<br>₹27500<br>ചെക്ക് നമ്പർ/തീയതി : 5514912/21-03-2022<br>ആകെ : ₹220000 |

പാലുല്പാദനം വർദ്ധിപ്പിച്ച് വരുമാന വർദ്ധനവുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 4 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. തുക നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പശുവിനെ വിറ്റയാളുടെ പേര് | നൽകിയ സബ്സിഡി തുക | പശുവിനെ വാങ്ങിയ ആളുടെ പേര് |
|---|---|---|---|
| 1 | ബാബു.ജി | ₹27500 | മീറ. എം |
| 2 | സജ് വീർ. കെ | ₹27500 | വനജ. വി |
| 3 | സുഖില. എം | ₹27500 | സജ് വീർ. കെ |
| 4 | ദിവാകരൻ. കെ | ₹27500 | ഗോപാലൻ മഠത്തിൽ ഹൗസ് |

ഇതിൽ ക്രമ നമ്പർ 2 പ്രകാരം പശുവിനെ വിറ്റയാളായ സജ് വീർ. കെ എന്നയാൾക്കാണ് ക്രമ നമ്പർ 3 പ്രകാരമുള്ള സുഖില എം. വിറ്റ പശുവിനെ വാങ്ങിയിരിക്കുന്നത്. സജ് വീർ. കെ, അംജിതാസ്, വടക്കമ്പാട് എന്നയാൾ പശുവിനെ വിൽക്കുകയും വാങ്ങുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഒരു ഗുണഭോക്താവ് മറ്റൊരു ഗുണഭോക്താവിന് പശുവിനെ വിൽക്കുകയും വിറ്റയാൾ പശുവിനെ വാങ്ങുകയും ചെയ്യുക വഴി പാലുൽപാദന വർദ്ധനവെന്ന ലക്ഷ്യം കൈവരിച്ചതെങ്ങനെയെന്നും വ്യക്തമല്ല. മേൽപ്പറഞ്ഞ അപാകങ്ങൾക്ക് 17/25-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സജ് വീർ നല്ല ക്ഷീര കർഷകനാണെന്നും ടിയാൻ രണ്ട് കറവ പശുക്കളെ വാങ്ങിച്ചുവെന്നും രണ്ടും നല്ലയിനം കറവ പശുക്കളായതിനാൽ പർച്ചേസിംഗ് കമ്മിറ്റി തീരുമാന പ്രകാരം ഒന്ന് ശ്രീമതി വനജയ്ക്ക് അതേ വിലയ്ക്ക് വിൽക്കുകയാണ് ചെയ്തതെന്നുമാണ് അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സജ് വീറിന്

സബ്സിഡിയിനത്തിൽ നൽകിയ ₹27500 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ/ പേര് | 47/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹62500 വികസന ഫണ്ട് – ജനറൽ<br>₹62500 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹125000 മറ്റുള്ളവ<br>ആകെ : ₹250000 |
| ചെലവ് | ₹62500 വികസന ഫണ്ട് – ജനറൽ<br>ബിൽ നമ്പർ / തിയ്യതി : 21220352008500655061/06-11-2021 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹62500 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 71011400000003 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് ചെലവഴിച്ചത്. എന്നാൽ തുക ലഭിച്ചതിന്റെ കൈപ്പറ്റ് രശിതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് 13/25-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുകയുടെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും നൽകുവാൻ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് കിട്ടുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-അടിസ്ഥാന സൗകര്യം ഒരുക്കൽ-നിലവിലെ സ്ഥിതി വിവരം ലഭ്യമല്ല -142900 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ എരഞ്ഞോളി സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 178/2022<br>സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-<br>അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹204900 ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | ₹142900<br>ബിൽ നമ്പർ / തീയ്യതി : 21220352011401380320/19-03-2022 |

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 3301002100016241 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയത്. ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 14-03-2022 തീയതിയിലെ എ3/5182/21 നമ്പർ കത്ത് പ്രകാരം സർവ്വീസ് ചാർജിനത്തിൽ ₹135700, SMS തുകയിനത്തിൽ ₹7200 എന്നിവയുടെ വർക്ക് ഓർഡർ കെൽട്രോണിന് നൽകുകയും കരാറിൽ ഏർപ്പെടാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ടുള്ള താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം ഫയലിൽ ലഭ്യമല്ല. മേൽ അപാകതയ്ക്ക് 05/22-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹142900 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-21 ഐ.ഇ.സി പ്രവർത്തനങ്ങൾ രേഖകൾ ലഭ്യമാക്കിയില്ല ₹42,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ ഒ എരഞ്ഞോളി സർക്കിൾ |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 167/22 ഐ.ഇ.സി പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹50,000 കേന്ദ്രാവിഷ്കൃത വിഹിതം |
| ചെലവ് | ₹42,000<br>ബിൽ നമ്പർ / തീയതി : 51146000121013/09-02-2022 |

മാലിന്യ മുക്ത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി മാലിന്യ ശേഖരണ കലണ്ടർ അച്ചടിച്ച വകയിൽ (7000 എണ്ണം @ ₹61 ) എൻ.സി.എൻ ഫോംസ് സർവ്വീസസ് എന്ന സ്ഥാപനത്തിന്റെ 776200010006701 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിട്ടില്ല.

1.മേൽ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് ക്വട്ടേഷൻ / ലിമിറ്റഡ് ടെണ്ടർ വിളിച്ചതിന്റെയും ഭരണ സമിതി അംഗീകരിച്ചതിന്റെയും രേഖകൾ.
2.ശുചിത്വ കലണ്ടർ വിതരണം ചെയ്തതിന്റെ രേഖകൾ.
3.പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 12/25-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹42,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഹോമിയോ മരുന്ന് വാങ്ങുന്നതിന് മുൻകൂറായി തുക നൽകി ₹47,496 യുടെ മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രൊജക്ട് നമ്പർ /പേര് | 22/22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1,50,000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹1,50,000<br>ബിൽ നമ്പർ/തീയതി : 21220352008600487485/28-09-2021 |

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹1,50,000 മുൻകൂർ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ LF/19/19-5-2022 പ്രകാരം ₹1,02,504 യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ₹47,496 (1,50,000- 1,02,504 ) യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/23.8.22) ഹോംകോ മരുന്ന് വിതരണം ചെയ്യേണ്ട മുൻഗണനാ പട്ടിക പ്രകാരം ഹോമിയോ ഡിസ്പെൻസറി 226-ാം സ്ഥാനത്താണെന്നും മുൻഗണന പ്രകാരം ഓരോ സ്ഥാപനത്തിനും മരുന്നുകൾ നൽകികൊണ്ടിരിക്കുകയാണെന്നും സ്ഥാപനം അറിയിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിന് തുക നൽകിയിട്ട് ഒരു വർഷമാകാറായിട്ടും മരുന്ന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 170/22 തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹518200 ധനകാര്യ കമ്മിഷൻ അവാർഡ്<br>₹481800 തനത് ഫണ്ട്<br>ആകെ : ₹673568 |
| ചെലവ് | ₹155368 വൌച്ചർ നമ്പർ : 22101230/26-3-2022<br>ധനകാര്യ കമ്മിഷൻ അവാർഡ്<br>₹388860 ചെക്ക് നമ്പർ : 6807267/27-3-2022 തനത് ഫണ്ട്<br>ആകെ : ₹544228 |

തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ എന്ന മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പിണറായി കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള ₹544228 ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ അനുവദിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ കെ.എസ്.ഇ.ബി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 24/26-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും മേൽ പരാമർശിച്ച രേഖകൾ ലഭിക്കുന്ന മുറക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ, പ്രിന്റർ വാങ്ങൽ-ഉപകരണങ്ങൾ ലഭിച്ചില്ല ₹50262 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ /പേര് | 185/22<br>പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹52000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹24356<br>ബിൽനമ്പർ/തീയതി: 21220352008901282821/7.3.22<br>₹25906<br>ബിൽനമ്പർ/തീയതി: 21220352008901282825/7.3.22<br>ആകെ : ₹50262 |

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് നമ്പർ-TVM/ITBG/PI/RC/35465 /20-21 പ്രകാരം ₹24356 യും എ4 മോണോക്രോം ലേസർ പ്രിന്റർ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് നമ്പർ-TVM/ITBG/PI/RC/35464/20-21 പ്രകാരം ₹25906 യും കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് (നമ്പർ -799011400003959 ) കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ സാധനങ്ങൾ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 23/25-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് CPRCS മുഖേന തുക അടവാക്കി പർച്ചേസ് ഓർഡർ നൽകുന്ന വേളയിൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ ഇല്ലെന്ന വിവരമാണ് ലഭിച്ചതെന്നും രണ്ട് ഉപകരണങ്ങളും ലഭിക്കുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മേൽ ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ₹50262 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ നാളിതുവരെയായി ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ /പേര് | 135/22<br>കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹70804 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹70804<br>ബിൽ നമ്പർ : 212203520116004679000/6-10-2021 |

മേൽ പ്രോജക്റ്റ് പ്രകാരം കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രൊഫോർമ ഇൻവോയ്സ് നമ്പർ 29504/TVM/ITBG/P1/RC/29504/20-21/15-9-2021 പ്രകാരം കേരള ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് (നമ്പർ-799011400003959 ) മുൻകൂറായി ₹70804 നൽകിയിട്ടുള്ളത്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് . ഇതു സംബന്ധിച്ച് 19/25-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭിച്ചിട്ടില്ലായെന്നും കെൽട്രോണിൽ നിന്നും ലഭിക്കുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 തരിശ് കൃഷി പ്രോത്സാഹനം -രേഖകളുടെ അഭാവത്തിൽ ₹48000 യുടെ ചെലവ്

തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| പ്രോജക്ട് നമ്പർ / പേര് | 39/22 തരിശ് കൃഷി പ്രോത്സാഹനം |
| അടങ്കൽ തുക | ₹48000 വികസനഫണ്ട് പൊതു വിഭാഗം |
| ആകെ ചെലവ് | ₹48000 ബിൽ നമ്പർ : 21220352011601168617/19-2-2022 |

സുഭിക്ഷകേരളം പദ്ധതി – തരിശു ഭൂമിയിൽ വാഴ കൃഷി നടത്തുന്ന കർഷകന് ഒരു ഹെക്ടറിന് ₹32000 ധനസഹായം നൽകാവുന്നതാണ് (സ.ഉ(സാധാ)നം.1009/2020/തസ്വഭവ,തീയതി-29.5.2020 ). 1.5 ഹെക്ടറിൽ വാഴക്കൃഷി ചെയ്യുന്നതിന് കൂലി ചെലവിനായി ₹28000 യും വാഴക്കന്ന് വാങ്ങുന്നതിന് ₹20000 യും ധനസഹായം നൽകുന്നതാണ് പ്രോജക്ട്. മേൽ ബിൽ പ്രകാരം മാറിയ 48000 രൂപ 18 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനാണ് വിനിയോഗിച്ചത്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ഈ പദ്ധതി പ്രകാരം തൻവർഷം തരിശു ഭൂമിയിൽ വാഴകൃഷി നടത്തിയ 18 കർഷകർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. മൂന്ന് വർഷത്തിൽ അധികമായികാർഷിക പ്രവൃത്തികൾ ചെയ്യാത്ത തരിശുഭൂമിയാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ കൈവശ ഭൂമിയുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയത്. കൃഷി ചെയ്ത ഭൂമിയുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. കരം ഒടുക്കിയ രസീതിയാണ് ഹാജരാക്കിയത്.
2.താഴെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. പി.കെ. വാസു, 2. പ്രകാശൻ. എം, 3. ദിവാകരൻ.കെ, 4. യതീന്ദ്രൻ. കെ, 5. എ.കെ. സരോജിനി, 6. ഗീതാഞ്ജലി. ഒ.കെ,
7. സുഷമ. സി, 8. മോഹനൻ. സി.പി, 9. വസന്ത. കെ.സി, 10. ബാബു. പി, 11. വിപിൻകുമാർ. കെ.കെ, 12.രാജീവൻ.എ.കെ 13. രാഹുൽ. വി, 14. രമണി. സി.പി, 15. സജിത.എം.

ഇത് സംബന്ധിച്ച് 22/25-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പരാമർശിച്ച ഗുണഭോക്താക്കളെ 18-3-2022 ലെ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ മേൽപ്പറഞ്ഞ 15 ഗുണഭോക്താക്കളെ ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃ തിരഞ്ഞെടുക്കൽ മാർഗ്ഗരേഖ പ്രകാരം ഒഴിവായിപ്പോയ അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം എന്ന് നിഷ്കർഷിക്കുന്നു. (സ.ഉ(കൈ)നം11/2018/തസ്വഭവ,29.1.2018 11.3.15) ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ ₹48000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ജൈവ കീടരോഗനിയന്ത്രണ ഉപാധികൾ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പറും പേരും | 45/22 ജൈവ കീടരോഗനിയന്ത്രണ ഉപാധികൾ |
| അടങ്കൽ തുക | ₹8250 വികസനഫണ്ട് പൊതു വിഭാഗം<br>₹2750 ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ<br>ആകെ : ₹11000 |
| ചെലവ് | ₹8250<br>ബിൽ നമ്പർ/തീയതി : 21220352011600894613/4-1-2022<br>₹2750 ചെക്ക് നമ്പർ/തീയതി : 6807239/11-2-2022<br>ആകെ : ₹11000 |

ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് 75% സബ്സിഡിയോടെ അംഗീകൃത ഏജൻസികളിൽ നിന്നും കീടരോഗ നിയന്ത്രണ ഉപാധികൾ വാങ്ങി വിതരണം ചെയ്യുന്ന ഈ പ്രോജക്ട് പ്രകാരം 25% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 4 ഇനം കീടരോഗ നിയന്ത്രണ ഉപാധികൾ (Neem Cake, Pseudomonas, Beavaria,Trichoderma ) അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങി 22 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മേൽ ബിൽ പ്രകാരം മാറിയ തുക Neem Cake സപ്ലൈ ചെയ്ത വേങ്ങാട് ആഗ്രോ സർവ്വീസ് സെന്ററിനും Pseudomonas, Beavaria,Trichoderma എന്നിവ സപ്ലൈ ചെയ്ത തളിപ്പറമ്പ് ജില്ലാ കൃഷി ഫാമിനും യഥാക്രമം ₹3630 യും ₹4620 യും അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) 22/2018 തസ്വഭവ 14-02-2018 ഖണ്ഡിക നമ്പർ 6.1 ക്രമ

നമ്പർ 15 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലെ കീടരോഗബാധയും നിവാരണപ്രവർത്തനങ്ങളും സംബന്ധിച്ച് കൃഷി ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ട് മേലുദ്യോഗസ്ഥൻ അംഗീകരിക്കേണ്ടതുണ്ട്. ഇപ്രകാരം കൃഷി ഓഫീസർ തയ്യാറാക്കി മേലുദ്യോഗസ്ഥൻ അംഗീകരിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
2. ഗുണഭോക്തൃ ലിസ്റ്റിൽ 20 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടത്. എന്നാൽ 22 ഗുണഭോക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം അനുവദിച്ച ബിനേഷ്.ടി, ജാനകി. ഇ.കെ എന്നിവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച് 18/26-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പരാമർശിച്ച 2 ഗുണഭോക്താക്കളെയും 18-3-2022 ലെ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ ബിനേഷ്.ടി മാത്രമാണ് ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുള്ളത്. ഇ.കെ. ജാനകി ഒടുക്കിയ രശീതി ക്യാൻസൽ ചെയ്തതായാണ് പരിശോധനയിൽ വ്യക്തമായത്. ഈ 2 ഗുണഭോക്താക്കളെയും ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഗുണഭോക്തൃ വിഹിതം ഒടുക്കിയ രശീതി ക്യാൻസൽ ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയും ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 സാന്ത്വന പരിചരണം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| പ്രൊജക്ട് നമ്പർ /പേര് | 20/22 സാന്ത്വന പരിചരണം |
| അടങ്കൽ | ₹501000 വികസനഫണ്ട് പൊതു വിഭാഗം<br>₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹200000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹801000 |
| ചെലവ് | ₹501000 വികസനഫണ്ട് പൊതു വിഭാഗം<br>₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹136278 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹737278 |
| ആകെ ചെലവ് | ₹72410 ബിൽ നമ്പർ : 2122035208600164306/30-6-2021<br>₹35580 ബിൽ നമ്പർ : 2122035208600388279/8-9-2021<br>₹177970 ബിൽ നമ്പർ : 2122035208600777157/13-12-2021<br>₹35810 ബിൽ നമ്പർ : 2122035208600873927/1-1-2022<br>₹174536 ബിൽ നമ്പർ : 2122035208600922995/11-1-2022<br>₹1521 ബിൽ നമ്പർ : 2122035208600990142/21-1-2022<br>₹3173 ബിൽ നമ്പർ : 2122035208601076895/8-2-2022<br>₹83731 ചെക്ക് നമ്പർ : 3414045/15-1-2022<br>₹16269 ചെക്ക് നമ്പർ : 3414046/27-1-2022<br>₹32630 ചെക്ക് നമ്പർ : 3414049/11-2-2022<br>₹31848 ചെക്ക് നമ്പർ : 6807504/24-2-2022<br>₹35810 ചെക്ക് നമ്പർ : 6807507/14-3-2022<br>₹35990 ചെക്ക് നമ്പർ : 6807510/24-3-2022 |

സാന്ത്വന പരിചരണം എന്ന മേൽ പ്രോജക് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്റ്റിന്റെ ഭാഗമായി സാമ്പത്തിക വർഷം ഹോം കെയർ ടീമിന് വാഹനസൗകര്യം ലഭ്യമാക്കുന്നതിന് KL 58H 1691 എന്ന വാഹനം ദിവസ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ദിവസം ₹900 നിരക്കിൽ ദിനേശ്. എം എന്നയാൾക്ക് വാഹന വാടക നൽകിയിട്ടുണ്ട്. വാഹന ഉടമ സമർപ്പിച്ചിട്ടുള്ള ട്രിപ് ഷീറ്റ് പ്രകാരം 2021-22 വർഷം വാഹന വാടകയിനത്തിൽ ₹1,72,800 (ദിവസം @₹ 900x16x12) അനുവദിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2.മേൽ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതം ചെക്ക് നമ്പർ 6807510/24/3/2022 പ്രകാരം ചെലവഴിച്ച

₹35990 യിൽ ₹18,230 മാർച്ച് മാസത്തെ ഓണറേറിയമായി പാലിയേറ്റീവ് കെയർ നഴ്സിന് കൈമാറിയിട്ടുണ്ട്. 07-03-2019ലെ സ.ഉ(സാധാ) നം. 553/19/തസ്വഭവ, ഖണ്ഡിക 2.13.6 പ്രകാരം പാലിയേറ്റീവ് കെയർ നഴ്സ് പ്രവർത്തി ചെയ്ത ഓരോ മാസത്തെയും ഓണറേറിയം അടുത്തമാസം 10-ാം തീയതിക്കു മുമ്പായി നൽകണമെന്നാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഓണറേറിയം മുൻകൂറായി നൽകുകയാണ് ചെയ്തത്.

മേൽ അപാകങ്ങൾക്ക് 7/23-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോറോണ കാരണം വാഹനം ഓടിക്കാൻ വാഹന ഉടമകൾ തയ്യാറാകാത്തതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും 2022-23-ൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും സാമ്പത്തിക പ്രതിസന്ധി കാരണം സ്പിൽ ഓവർ ആയി പ്രോജക്ട് വെക്കേണ്ടി വരുമെന്ന കാരണത്താലാണ് ഓണറേറിയം മുൻകൂറായി നൽകിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ മുൻകൂറായി തുക അനുവദിച്ചത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 റിംഗ് കമ്പോസ്റ്റ് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല- ₹13,24,764-യുടെ (₹1122500+₹202264)ചെലവ് തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ. വടക്കമ്പാട് സർക്കിൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റിംഗ് കമ്പോസ്റ്റ് എന്ന പ്രൊജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. റിംഗ് കമ്പോസ്റ്റ് – 2021-22

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. വടക്കമ്പാട് സർക്കിൾ |
| പ്രൊജക്ട് നമ്പർ/പേര് | 112/22 റിംഗ് കമ്പോസ്റ്റ് -2021-22 |
| അടങ്കൽ | ₹11250000 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹125000 മറ്റുള്ളവ<br>ആകെ : ₹1250000 |
| ചെലവ് | ₹1010250 ബിൽ നമ്പർ : 374/26-03-2022(എ.സി.ആർ പ്രകാരം)<br>₹112250 വൗച്ചർ നമ്പർ /തീയതി : 22101268/31-03-2022<br>ആകെ ചെലവ് തുക : ₹1122500 |

വീട്ടുകളിലുണ്ടാകുന്ന ജൈവ മാലിന്യം സംസ്കരിക്കൽ, കമ്പോസ്റ്റ് നിർമ്മാണം, ജനങ്ങളിൽ ശുചിത്വ സംസ്കാരം വളർത്തൽ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് മേൽ പ്രൊജക്ട്. ഇതിനായി സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ 510101001819762 അക്കൗണ്ട് നമ്പറിലേക്കാണ് തുക നൽകിയത്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 500 എണ്ണം റിംഗ് കമ്പോസ്റ്റുകളുടെ ഇൻവോയ്സ് (നമ്പർ 0027/05-03-2022) ഫയലിലുണ്ട്. എന്നാൽ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

2. 2017 ലെ ചരക്ക് സേവന നികുതി ആക്ടിലെ സെക്ഷൻ 51(1) പ്രകാരം ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നമ്പർ 50/2018 – സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജി.എസ്.ടി ഒഴികെയുള്ള ബിൽ തുകയിൽ നിന്ന് 2% നിരക്കിൽ ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

3. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം ₹30000 യിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ₹30000 യിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്നതോ സേവനങ്ങൾക്ക് പ്രതിഫലം കൈപ്പറ്റുന്നതോ ആയ സന്ദർഭങ്ങളിൽ ഇൻവോയ്സ് /ബില്ലിൽ കാണിച്ചിരിക്കുന്ന തുകയിൻമേൽ ബാധകമായ നിരക്കിൽ ആദായനികുതി റിക്കവറി നടത്തി അടവാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്.

മേൽ പറഞ്ഞ അപാകങ്ങൾക്ക് 29/27-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹1122500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. റിംഗ് കമ്പോസ്റ്റ് (സ്പിൽ ഓവർ)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, വടക്കുമ്പാട് സർക്കിൾ |
| പ്രൊജക്ട് നമ്പർ/പേര് | 154/22 റിംഗ് കമ്പോസ്റ്റ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹138618 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹66067 മറ്റുള്ളവ<br>ആകെ : ₹204685 |
| ചെലവ് | ₹136579 ബിൽ നമ്പർ : 21220352011501380186/19-03-2022<br>₹65685 വൗച്ചർ നമ്പർ/തീയതി : 22101269/31-03-2022<br>ആകെ ചെലവ് തുക – ₹202264 |

ഇൻവോയ്സ് നമ്പർ 0026/05-03-2022 പ്രകാരം സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ 510101001819762 അക്കൗണ്ട് നമ്പറിലേക്കാണ് തുക നൽകിയത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ഇൻവോയ്സ് പ്രകാരം 67 എണ്ണം റിംഗ് കമ്പോസ്റ്റുകളാണുള്ളത്. റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

2. ഒരെണ്ണത്തിന് ₹2265 നിരക്കിൽ ₹151755 ആണ് സ്ഥാപനത്തിന് നൽകിയത്. വൗച്ചർ നമ്പർ/തീയതി 22101269/31-03-2022 പ്രകാരം ₹65685 പിൻവലിച്ചതിൽ ₹15176 യുടെ ചെലവ് രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ₹50509 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് 30/27-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാലും മുഴുവൻ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാലും ₹202264 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഭവന നിർമ്മാണം പൂർത്തിയായവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരം ലഭ്യമല്ല

വി.ഇ.ഒ വടക്കുമ്പാട് നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി പ്രകാരം മുഴുവൻ ആനുകൂല്യവും അനുവദിച്ച താഴെ പരാമർശിച്ച ഗുണഭോക്താക്കളുടെ വീടുകൾക്ക് ഗ്രാമ പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരം സഞ്ചയയിൽ ലഭ്യമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രൊജക്ട് നമ്പർ/പേര് | റിമാർക്സ് |
|---|---|---|---|
| 1 | ഷാക്കി അഞ്ജന റാണി (വാർഡ് 4) | 152/22 ലൈഫ് ഭവന പദ്ധതി | 4 ലക്ഷം രൂപ അനുവദിച്ചു |
| 2 | നാരായണൻ. കെ ചെറിയ പുറത്ത് ഹൗസ് (വാർഡ് 1) | 129/22 ലൈഫ് ഭവന പദ്ധതി (അഡീഷണൽ)എസ്.സി | 4 ലക്ഷം രൂപ അനുവദിച്ചു ടിയാന്റെ പഴയ കെട്ടിടത്തിന്റെ വിവരങ്ങളാണ് സഞ്ചയയിൽ രേഖപ്പെടുത്തിയത്(1/235) |

മുകളിൽ കൊടുത്ത ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും അവസാന ഗഡു നൽകി നാളിതുവരെയായി കെട്ടിട നമ്പർ അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനും 28/27-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാകാത്തതിനാലാണോ ഗ്രാമ പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിക്കാത്തതെന്ന് പരിശോധിക്കേണ്ടതും പൂർത്തിയായിട്ടില്ലെങ്കിൽ ഭവനനിർമ്മാണം പൂർത്തിയാകാതെ അവസാന ഗഡു അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-31 പഞ്ചായത്ത് ഓഫീസിൽ ടോയ് ലറ്റ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും - ടാപ്പ് സ്ഥാപിച്ചതിലെ അപാകങ്ങൾ ₹4109 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ / പേര് | 160/22<br>പഞ്ചായത്ത് ഓഫീസിൽ ടോയ് ലറ്റ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും |
| അടങ്കൽ | ₹106200 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹ 18800 തനത് ഫണ്ട്<br>ആകെ : ₹125000 |
| ചെലവ് | ₹106200 ബിൽ നമ്പർ : 21220352008401407267/22-3-2022<br>₹ 6135 വൌച്ചർ നമ്പർ : 22101193/23-3-2022<br>ആകെ : ₹112335 |
| കരാറുകാരൻ | എം. കീർത്തികുമാർ |
| കരാർ | AE/LSGD/ERY-11/21-22/28-10-2021 (എസ്റ്റിമേറ്റ് നിരക്ക്) |
| അളവ് പുസ്തകം | 21/21-22 |

പഞ്ചായത്ത് ഓഫീസിൽ ടോയ്-ലറ്റ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും എന്ന മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള എസ്റ്റിമേറ്റിൽ ഐറ്റം നമ്പർ 28 പ്രകാരം Providing Wash Basin And Brass Pillar Tap എന്നതിന് ₹4109 കണക്കാക്കുകയും കരാറുകാരന് ₹4109 അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഇനം പ്രവൃത്തിയിൽ Wash Basin നോടൊപ്പം Brass Pillar Tap സ്ഥാപിക്കുന്നതിന് പകരം Plastic Tap ആണ് സ്ഥാപിട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് 32/28-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. Brass Pillar Tap സ്ഥാപിക്കുന്നതിന് പകരം Plastic Tap സ്ഥാപിച്ചതിനാൽ ഈ ഇനത്തിലുള്ള ₹4109യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2021-22 | 23-8-2022 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1238/2022 തീയ്യതി : 05.11.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 100000 | 2021-22 | 20/22 സാന്ത്വന പരിചരണം | 100000 | ഇല്ല |
| 2 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 17000 | 2021-22 | 28/22 നെൽകൃഷി വികസന പദ്ധതി | 17000 | ഇല്ല |
| 3 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 400000 | 2021-22 | 7/22 അങ്കണവാടി പോഷകാഹാരം | 400000 | ഇല്ല |
| 4 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 300000 | 2021-22 | 129/22- ലൈഫ് ഭവന പദ്ധതി ( അഡീഷണൽ) | 300000 | ഇല്ല |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 256323 | 2021-22 | 8/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 256323 | ഇല്ല |
| 6 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 50000 | 2021-22 | 124/22 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ്, ബത്തകൾ | 50000 | ഇല്ല |
| 7 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 500000 | 2021-22 | 165/22 – ലൈഫ് ഭവനസമുച്ചയത്തിന് സ്ഥലമെടുപ്പ് | 500000 | ഇല്ല |
| 8 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 175720 | 2021-22 | 140/22 – ബഡ് റീഹാബിലിറ്റേഷൻ സെന്ററിന് സംരക്ഷണ ഭിത്തി നിർമ്മാണം (SO) | 175720 | ഇല്ല |
| 9 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1400000 | 2021-22 | 109/22 നിട്ടൂർ ചിറ പുനരുദ്ധാരണം | 202690 | 1197310 |
| 10 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 100000 | 2021-22 | 17/22 പാലിന് സബ്സിഡി | 100000 | ഇല്ല |
| 11 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 200000 | 2021-22 | 65/22 എരഞ്ഞോളി ബഡ് റീഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് 2021-22 | 200000 | ഇല്ല |
| | ആകെ | 3499043 | | | 2301733 | 1197310 |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 136278 | 2021-22 | 20/22 സാന്ത്വന പരിചരണം | 136278 | ഇല്ല |
| 13 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 246120 | 2021-22 | 8/22 -ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 246120 | ഇല്ല |
| 14 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 50000 | 2021-22 | 124/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 50000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്തകൾ | | |
| 15 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 13000 | 2021-22 | 17/22 പാലിന് സബ്സിഡി | 13000 | ഇല്ല |
| 16 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2021-22 | 150/22 പാലിന് സബ്സിഡി (സ്പിൽ ഓവർ) | 100000 | ഇല്ല |
| 17 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 289724 | 2021-22 | 65/22 എരഞ്ഞോളി ബഡ് റീഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് 2021-22 | 289724 | ഇല്ല |
| 18 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 4640 | 2021-22 | 133/22 വീട്ടു വളപ്പിൽ ബയോഫ്ലോക്ക് മത്സ്യകൃഷി (സ്പിൽ ഓവർ) | 4640 | ഇല്ല |
| 19 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 4115 | 2021-22 | 132/22 വീട്ടു വളപ്പിലെ കുളത്തിൽ മത്സ്യകൃഷി (സ്പിൽ ഓവർ) | 4115 | ഇല്ല |
| 20 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 47187 | 2021-22 | 53/22 വീട്ടു വളപ്പിൽ മത്സ്യകൃഷി പടുതാക്കുളം | 47187 | ഇല്ല |
| 21 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 18400 | 2021-22 | 55/22 വീട്ടു വളപ്പിൽ ബയോഫ്ലോക്ക് ഗിഫ്റ്റ് തിലോപ്പിയ (സ്പിൽ ഓവർ) | 18400 | ഇല്ല |
| | ആകെ | 909464 | | | 909464 | ഇല്ല |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൌച്ചർ/ ചെക്ക് നമ്പർ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 170/22 തെരുവിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ | വൌച്ചർ നമ്പർ 22101230/ 26-3-2022 | 155368 | പൂർത്തീ കരിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | | ചെക്ക് നമ്പർ 6807267/ 27-3-2022 | 388860 | | |
| | ആകെ | | 544228 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹470115 യിൽ തൻവർഷം ₹146667 തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി HUDCO | സ.ഉ (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-5-2018 | 880589 | 470115 | 146667 | - | 323448 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നീക്കിയിരിപ്പായി ഇല്ല.

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| തൻവർഷം നിക്ഷേപിച്ചത് | 5,00,000 |
| ആകെ | 5,00,000 |
| തൻവർഷം പിൻവലിച്ചത് | 5,00,000 |
| വർഷാവസാനം നീക്കിയിരിപ്പ് | ഇല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹20649 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീതി നമ്പർ / തിയ്യതി |
|---|---|---|---|---|
| 2007-08 | 2-5 | 86 | വി. മനീശൻ | 121080101727/26-10-2021 |
| 2007-08 | 2-5 | 122 | ഇ. ഇബ്രാഹിം | 121080101729/26-10-2021 |
| 2007-08 | 2-5 | 104 | കെ. എം. ശ്രീലത | 121080101737/26-10-2021 |
| 2007-08 | 2-5 | 108 | ടി. കെ. രമേഷ് ബാബു | 121080101743/26-10-2021 |
| 2007-08 | 2-5 | 80 | മരോത്ത് വസന്തകുമാരി | 121080101795/28-10-2021 |
| 2007-08 | 2-5 | 102 | കോമത്ത് സുലൈഖ | 121080101980/6-11-2021 |
| 2007-08 | 2-5 | 95 | എ. കെ. സരോജിനി | 121080101979/6-11-2021 |
| 2007-08 | 2-5 | 157 | അമ്പലത്തുംകണ്ടി ഗിരിജ | 121080101991/8-11-2021 |
| 2017-18 | 3-1 | 2280 | ഷമീം. ടി. കെ | 121080101977/6-11-2021 |
| 2017-18 | 3-1 | 2280 | ശ്രീജിത്ത് | 121080101978/6-11-2021 |
| 2017-18 | 3-14 | 2486 | യു. എം. വിനീഷ് കുമാർ | 121080102115/15-11-2021 |
| 2017-18 | 3-14 | 514 | റീജിൻ. എം. എം | 121080102227/19-11-2021 |
| 2017-18 | 3-14 | 2572 | മാനേജിംഗ് ഡയറക്ടർ പിക്കോസ് | 1210801023227/27-11-2021 |
| 2017-18 | 3-14 | 1886 | രഘുറാം | 121080102394/1-12-2021 |
| 2017-18 | 3-14 | 514 | പ്രമോദൻ. കെ. സി | 121080102395 /1-12-2021 |
| 2017-18 | 3-14 | 600 | വി. ഭാസ്കരൻ | 121080102396/1-12-2021 |

| | | | | |
|---|---|---|---|---|
| 2019-20 | 1-15 | 960 | അജിത | 121080101998/8-11-2021 |
| 2019-20 | 1-15 | 720 | കെ. എ. മനോജ് കുമാർ | 121080102335/26-11-2021 |
| 2019-20 | 1-15 | 720 | ആരിഫ് | 121080102792/20-12-2021 |
| 2019-20 | 1-12 | 1463 | കാട്ടേരി രവീന്ദ്രൻ | 121080102739/17-12-2021 |
| 2020-21 | 1-22 | 100 | ദിവാകരൻ | 121080101976/6-11-2021 |
| 2020-21 | 1-22 | 100 | സുധാകരൻ | 121080101989/8-11-2021 |
| 2020-21 | 1-22 | 100 | സി. വസുമതി | 121080102011/9-11-2021 |
| 2020-21 | 1-20 | 500 | ശ്രീകല. കെ, പ്രിയ | 121080102165/17-11-2021 |
| 2020-21 | 1-22 | 200 | ജീവ്ന. ടി | 1210801022331/19-11-2021 |
| 2020-21 | 1-22 | 100 | കിഴക്കേവീട്ടിൽ ശ്രീജിത്ത് | 121080102789/18-12-2021 |
| 2020-21 | 1-22 | 100 | രമേശൻ. പി | 121080102790/18-12-2021 |
| 2020-21 | 1-23 | 100 | ബാലകൃഷ്ണൻ. എൻ. കെ | 121080102791/18-12-2021 |
| 2020-21 | 1-23 | 1500 | അബ്ദുൾ ഹാഷിം | 121080104315/9-2-2022 |
| | ആകെ | 20649 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5,7 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2011-12 | 2-1 | ഗ്രാമസഭ പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3-2 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി അനർട്ട് | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.5.2 | ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.13 | ജാഗ്രത മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 73502116 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 66246147 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1639535 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-18 | 27500 | ഡോ. ദിവ്യ ബാലൻ, വെറ്ററിനറി സർജൻ |
| 1-20 | 142900 | ശ്രീ. ശ്രീജേഷ്. ടി. കെ, വി.ഇ.ഒ. എരഞ്ഞോളി |
| 1-21 | 42000 | ശ്രീ. ശ്രീജേഷ്. ടി. കെ, വി.ഇ.ഒ. എരഞ്ഞോളി |
| 1-24 | 50262 | ശ്രീമതി ഷീജ വി.എം., സെക്രട്ടറി |
| 1-26 | 48000 | ശ്രീ. ഷിഹാബ് ബാബു, കൃഷി ഓഫീസർ |
| 1-29(1) | 1122500 | ശ്രീ. ഷിബിൻ. ടി, വി.ഇ.ഒ. വടക്കമ്പാട് |
| 1-29(2) | 202264 | ശ്രീ. ഷിബിൻ. ടി, വി.ഇ.ഒ. വടക്കമ്പാട് |
| 1-31 | 4109 | ശ്രീ. സന്തോഷ്. പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1639535 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ദിവ്യ ബാലൻ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | ദീപാലയം,<br>പള്ളൂർ- പി.ഒ |
| ശ്രീ. ശ്രീജേഷ്. ടി. കെ,<br>വി.ഇ.ഒ. എരഞ്ഞോളി | വി.ഇ.ഒ<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | കാർത്തിക,<br>(തെക്കയിൽ ഹൌസ്),<br>മൊകേരി-പി.ഒ, കണ്ണൂർ |
| ശ്രീ. ഷിഹാബ് ബാബു,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കൃഷിഭവൻ മുഴവന്നൂർ,<br>എറണാകുളം | മമ്പോത്തുങ്ങൽ ഹൌസ്,<br>പുതുപ്പാടി-പി.ഒ, മൂവാറ്റുപുഴ,<br>എറണാകുളം |
| ശ്രീ. ഷിബിൻ. ടി,<br>വി.ഇ.ഒ. വടക്കമ്പാട് | വി.ഇ.ഒ<br>എരഞ്ഞോളി ഗ്രാമ | തോട്ടത്തിൽ ഹൌസ്,<br>അണ്ടല്ലൂർ, |

| | | |
|---|---|---|
| | പഞ്ചായത്ത് | പാലയാട്- പി.ഒ, കണ്ണൂർ |
| ശ്രീ. സന്തോഷ്. പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | പുനത്തുമ്മൽ ഹൌസ്, കരിയാട് സൌത്ത്-പി.ഒ, കണ്ണൂർ |
| ശ്രീമതി ഷീജ വി.എം., സെക്രട്ടറി | സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | ശ്രീവനദിനം, കാവുംഭാഗം പി.ഒ., തലശ്ശേരി 670649 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 1 |
| 1999-00 (പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 3 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 4 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1389/2022 തീയതി: 11.10.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1072/2021 തീയതി: 23.10.2021 | 9 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1073/21 തീയതി: 22.10.2021 | 30 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂ ർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT AND PAYMENT STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2021 TO 31-3-2022

| Code | Head Account | Schedule No | Current year Amount ₹ |
|---|---|---|---|
| | Opening Balance | | |
| 450000000 | Cash<br>Bank | RP-40(a)<br>RP-40(a) | 23338<br>19820442.28 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 2177680 |
| 140000000 | Fees & User Charges | RP-4 | 1391093 |
| 150000000 | Sale & Hire Charges | RP-5 | 189556 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41386894 |
| 171000000 | Interest Earned | RP-9 | 613285 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12626517 |
| 350000000 | Other Liabilities | RP-36 | 134458 |
| 431000000 | Sundry Debtors (Receivables) | RP-43 | 78943 |
| Non operating | | | |
| 170000000 | Income from Investments | RP-8 | 124530 |
| 180000000 | Other Income | RP-10 | 0 |
| 311000000 | Earmarked Funds | RP-29 | 1871 |
| 340000000 | Deposits Received | RP-34 | 6010 |
| 350000000 | Other Liabilities | RP-36 | 212785 |

| | | | |
|---|---|---|---|
| 420000000 | Investments | RP-41 | 500000 |
| 431000000 | Sundry Debtors (Receivables) | RP-43 | 9558494 |
| Grand Total | | | 93345896.28 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3015434 |
| 220000000 | Administrative Expenses | RP-12 | 680988 |
| 230000000 | Operations & Maintenance | RP-13 | 1444314 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 4657387 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 15502995 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 3961786 |
| 253000000 | Decentralised Plan Programme Project not included in Sector | RP-18 | 1514591 |
| 254000000 | Expenditure of Transferred Institutions and State Sponsored Schems | RP-19 | 360000 |
| 255000000 | Maintenance Projects | RP-20 | 4907595 |
| 260000000 | Grants, Contributions and compensation from Own Fund | RP-22 | 600000 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 722916 |
| 340000000 | Deposit Received | RP-34 | 2000 |
| 350000000 | Other Liabilities | RP-36 | 6591476 |

| Non Operating | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 304 |
| 280000000 | Prior Period Items | RP-26 | -391 |
| 340000000 | Deposits Received | RP-34 | 72495 |
| 350000000 | Other Liabilities | RP-36 | 3646328 |
| 410000000 | Fixed Assets | RP-38 | 9045086 |
| 412000000 | Capital Work in Progress | RP-40 | 594490 |
| 42000000 | Investments | RP-41 | 500000 |
| 43100000 | Sundry Debtors (Receivables) | RP-43 | 2771586 |
| 460000000 | Loans Advances and Deposits | RP-47 | 1325519 |
| | Closing Balance | | |
| | Cash<br>Bank | RP-40(b)<br>RP-40(b) | 32529<br>27067220.28 |
| Grand Total | | | 93345896.28 |

## അനുബന്ധം 4

## INCOME AND EXPENDITURE STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2021 TO 31-3-2022

| Code No | Description of items | Schedule No | Current Year Amount (₹) |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6265639 |
| 130000000 | Rental Income from Panchayat Properties | I-3 | 900 |
| 140000000 | Fees & User Charges | I-4(b) | 1551143 |
| 150000000 | Sale & Hire Charges | I-5(b) | 196656 |
| 160000000 | Revenue Grants, Contributions & | I-6 | 125294029 |

| | | | |
|---|---|---|---|
| | Compensations | | |
| 170000000 | Income from Investments | I-7 | 124530 |
| 171000000 | Interest Earned | I-8 | 613285 |
| 180000000 | Other Income | I-9 | 8100 |
| A | Total Income | | 134054282 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11908939 |
| 220000000 | Administrative Expenses | I-11(b) | 913046 |
| 230000000 | Operations & Maintenance | I-12(b) | 1614614 |
| 240000000 | Interest & Finance Charges | I-13 | 304 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 6723075 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 26237205 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2709271 |
| 253000000 | Decentralised Plan Programme-Projects not in Sector Division | I-14(c) | 1674125 |
| 254000000 | Expenditure of Transferrred Institutions & State Sponored Schemes | I-14(d) | 64705500 |
| 255000000 | Maintenance Projects | I-14(e) | 4907595 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(f) | |
| 260000000 | Grants, Contributions & Compensations from Own Fund | I-15 | 600000 |
| 272000000 | Depreciation | I-17(a) | 7257697 |
| B | Total Expenditure | | 129251371 |

| | | | |
|---|---|---|---|
| C=A-B | Gross Surplus / Defict of Income over Expenditure before Prior Period Items | | 4802911 |
| D=280000000 | Prior Period Item | I-18 | -492597 |
| E=C-D | Gross Surplus/(defict) of Income over Expenditure after prior Period items. | | 5295508 |
| 290000000 | Transfer to Reserve Funds | | |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം 5

## BALANCE SHEET OF ERANHOLI GRAMA PANCHAYAT AS ON 31-3-2022

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat (General) Fund | B-1 | 32367525.19 |
| 311000000 | Earmarked Funds | B-2 | 48182 |
| 312000000 | Reserves | B-3 | 39728124 |
| | Total Reserves & Surplus | | 72143831.19 |
| | Grants, Funds,Contributions for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 4795315.09 |
| | Total Grants, Funds,Contributions for specific purposes | | 4795315.09 |
| | Loans | | |
| 330000000 | Secured Loans | B-5 | 323448 |
| | Total Loans | | 323448 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 97260 |
| 341000000 | Deposits Works | B-8 | 0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1155759 |
| | Total Current Liabilities and Provisions | | 1253019 |
| | TOTAL LIABILITIES | | 78515613.28 |
| | ASSETS | | |
| 410000000 | Fixed Assets | B-11 | 83046248 |
| 411000000 | Accumulated Depreciation | B-11 | -35809250 |
| 412000000 | Capital Work In Progress | B-11(a) | 594490 |
| | Total Fixed Assets | | 47831488 |
| | Investments | | |
| 420000000 | Investments | B-12 | 0 |
| | Total Investments | | 0 |
| | Current Assets, Loans and Advances | | |
| 430000000 | Stock in hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 2783191 |
| 450000000 | Cash and Bank balance | B-17 | 27099749.28 |
| 460000000 | Loans, Advances and Deposits | B-18 | 801185 |
| | Total Current Assets, Loans and Advances | | 30684125.28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.